DESPATCHED
On 15/12/21...

19/11/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1285(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.9152/എസ്.ഐ.സി-ജി 2/2020)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഖാലിദ് മുണ്ടപ്പിള്ളി,
മുണ്ടപ്പിള്ളി വീട്,
എടയപ്പുറം, ആലുവ,
എറണാകുളം- 683 101.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   ഇലക്ട്രിക്കൽ വിംഗ് ഇറിഗേഷൻ സബ് ഡിവിഷൻ,
   ആലുവ.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് എഞ്ചിനീയർ,
   അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
   വൈദ്യുതി വിഭാഗം (ഇറിഗേഷൻ) സെക്ഷൻ,
   കാലടി.

3. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   വൈദ്യുത വിഭാഗം (ഇറിഗേഷൻ) സബ് ഡിവിഷൻ,
   ആലുവ.

എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ 06.07.2020 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ടൗൺ ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കാലടി ലിഫ്റ്റ് ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെന്നും, അതുകൊണ്ടാണ് 08.07.2020 ൽ കാലടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നേരിട്ട് മറുപടി കൊടുക്കാൻ പറഞ്ഞ് എഴുതിയതെന്നും, എന്നാൽ തൊട്ടുപിറ്റേദിവസം മുതൽ 07.08.2020 വരെ ആലുവ മുനിസിപ്പാലിറ്റിൽ വരുന്ന ഓഫീസ് കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കണ്ടെയ്ൻമെന്റ് സോണിലായിരുന്നുവെന്നും, പിന്നീട് ഓഫീസ് തുടർന്നു പ്രവർത്തനം പുനരാരംഭിച്ചപ്പോഴാണ് കാലടി എഇ യ്ക്കുള്ള കത്ത് കൈമാറാനിടയായതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. അപേക്ഷ വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പ് പ്രകാരം കൈമാറുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണം കമ്മീഷൻ അംഗീകരിക്കുന്നു. എന്നാൽ ഇതിൻപ്രകാരം അപേക്ഷകന് മറുപടി കിട്ടിക്കഴിഞ്ഞോ എന്ന കാര്യം വ്യക്തമല്ല. അപേക്ഷകൻ ഹിയറിംഗിൽ പങ്കെടുത്തിരുന്നുമില്ല.

5. അതുകൊണ്ട് ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കാലടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അപേക്ഷകന് മറുപടി നൽകേണ്ടതാണ്.

6. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 19.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re

പകർപ്പ്:
അസിസ്റ്റന്റ് എഞ്ചിനീയർ,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
വൈദ്യുതി വിഭാഗം (ഇറിഗേഷൻ) സെക്ഷൻ,
കാലടി.